**നമ്പർ.റ്റി1-142/2025/ജി.പി.എച്ച്.റ്റി.സി.** **തീയതി: 17/02/2025**

**<u>സർക്കുലർ</u>**

വിഷയം : ആരോഗ്യ വകുപ്പ് - ജി.പി.എച്ച്.റ്റി.സി. - ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് - റെഗുലർ/റീ-അപ്പിയറൻസ് വാർഷിക പൊതുപരീക്ഷ 2025 – അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച് –

സൂചന : 1. നമ്പർ.കെ2-101/2023/ആ.കു.വ, തീയതി. 13/02/2025

2. കത്ത് നം.എം.സി4-2892/25, തീയതി. 03/02/2025

സംസ്ഥാനത്തെ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിന്റെ 2025 ലെ വാർഷിക പരീക്ഷ ബഹു.ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സെന്ററിന്റെ മേൽനോട്ടത്തിൽ മുൻ വർഷങ്ങളിലെ പോലെ ഈ വർഷം കൂടി നടത്താൻ സർക്കാർ സൂചന (1) കത്ത് പ്രകാരം നിർദ്ദേശം നൽകിയിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2025 ലെ വാർഷിക പൊതു പരീക്ഷ നടത്തുന്നതിനുള്ള സർക്കുലർ പുറപ്പെടുവിക്കുന്നു.

**2025 ഏപ്രിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിന്റെ 2022-24 ബാച്ചിന്റെ (2022 അഡ്മിഷൻ) രണ്ടാം വർഷ വാർഷിക പരീക്ഷയ്ക്കും, 2023-25 ബാച്ചിന്റെ (2023 അഡ്മിഷൻ) ഒന്നാം വർഷ വാർഷിക പരീക്ഷയ്ക്കും മുൻ ബാച്ച് വിദ്യാർത്ഥികളുടെ റീ-അപ്പിയറൻസ് പരീക്ഷയ്ക്കും വേണ്ടി അപേക്ഷ ക്ഷണിക്കുന്നു. പുതുക്കിയ അപേക്ഷാ ഫോം** <u>https://dhs.kerala.gov.in/results-3/</u> **എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്. സ്ഥാപനങ്ങൾ മുഖേന അപേക്ഷകൾ ഈ ഓഫീസിൽ സ്വീകരിക്കുന്ന അവസാന തീയതി 01/03/2025 5 PM ആണ്.**

പരീക്ഷക്ക് അപേക്ഷിക്കുന്നതിനുള്ള ഫീസിന്റെ വിശദാംശങ്ങളും പരീക്ഷാ ഫീസ് ഒടുക്കേണ്ട വിധവും താഴെ വിശദീകരിക്കുന്നു.

1. അപേക്ഷ ഫോം ഫീസ് - 10/- രൂപ
2. പരീക്ഷ ഫീസ്:

   എ) റെഗുലർ ഓരോ പേപ്പറിനും ഫീസ് 150/- രൂപ വീതം,

   ബി) റീ അപ്പിയറൻസ് ഓരോ പേപ്പറിനും ഫീസ് 200/- രൂപ വീതം

3. മാർക്ക് ലിസ്റ്റ് 50/- രൂപ (റെഗുലർ, റീഅപ്പിയറൻസ് പരീക്ഷകൾക്ക് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ ഓരോ വർഷത്തെയും മാർക്ക് ലിസ്റ്റിന് പ്രത്യേകമായി 50/- രൂപ വീതം ഫീസ് അടയ്ക്കേണ്ടതാണ്.)

പരീക്ഷ ഫീസിനത്തിൽ പാരാമെഡിക്കൽ കൗൺസിലിലേക്ക് അടക്കുന്ന തുക യാതൊരു കാരണവശാലും റീഫണ്ട് ചെയ്യുന്നതല്ല.

വിദ്യാർത്ഥികൾ അപേക്ഷ പൂർണ്ണമായും പൂരിപ്പിക്കേണ്ടതാണ്. അപൂർണ്ണമായ അപേക്ഷകൾ സ്വീകരിക്കുന്നതല്ല. **<u>പരീക്ഷാർത്ഥികൾ സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തിയ SSLC/CBSC/ICSC പരീക്ഷയുടെ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, മുൻപ് എഴുതിയിട്ടുള്ള DHIC പരീക്ഷകളുടെ ഹാൾ ടിക്കറ്റിന്റേയും മാർക്ക് ലിസ്റ്റുകളുടേയും പകർപ്പ് എന്നിവ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. ഇത് കൂടാതെ പരീക്ഷാർത്ഥികൾ പേരും</u>**

**ജനന തീയതിയും പ്രിന്റ് ചെയ്ത ഒരു പാസ്പോർട്ട് സൈസ് ഫോട്ടോ അപേക്ഷയിൽ പതിപ്പിക്കേണ്ടതും പേരും ജനന തീയതിയും പ്രിന്റ് ചെയ്ത രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോകൾ അപേക്ഷയോടൊപ്പം പ്രത്യേകമായി ഉള്ളടക്കം ചെയ്യേണ്ടതുമാണ്.** ഈ കാര്യങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്നു സ്ഥാപന മേധാവികൾ ഉറപ്പുവരുത്തേണ്ടതാണ്.

സ്ഥാപനമേധാവികൾ റെഗുലർ വിദ്യാർത്ഥികളുടെയും റീ അപ്പിയറൻസ് വിദ്യാർത്ഥികളുടെയും അപേക്ഷകൾ, വെവ്വേറെ ലിസ്റ്റുകൾ ആയി തരം തിരിച്ച് തയ്യാറാക്കേണ്ടതും **എല്ലാ അപേക്ഷകരുടെയും പരീക്ഷ ഫീസ് മുഴുവനായും സെക്രട്ടറി പാരാമെഡിക്കൽ കൗൺസിലിന്റെ A/C No: 57036990991 (IFSC: SBIN0070028 തിരുവനന്തപുരം മെയിൻ ബ്രാഞ്ച്) എന്ന അക്കൗണ്ടിലേക്ക് ഒടുക്കേണ്ടതുമാണ്. ഡിമാൻഡ് ഡ്രാഫ്റ്റുകൾ/ ഗൂഗിൾ പേ/ഫോൺ പേ/UPI മുതലായവ വഴി ഫീസ് അടയ്ക്കരുത്. അടച്ച ഫീസ് തുകയുടെ ജേർണൽ നമ്പർ/UTR നമ്പർ/ട്രാൻസാക്ഷൻ റഫറൻസ് നമ്പറോടുകൂടിയ ഒറിജിനൽ കൗണ്ടർഫോയിൽ അടക്കമുള്ള, മേൽ പ്രതിപാദിച്ച രേഖകൾ പരീക്ഷാർത്ഥികളുടെ അപേക്ഷയോടൊപ്പം അവസാന തീയതിയായ 2025 മാർച്ച് 1-നോ അതിന് മുമ്പോ തിരുവനന്തപുരം ഗവ. പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സെന്ററിൽ എത്തിക്കേതാണ്. അപേക്ഷകർ പഠിക്കുന്ന/പഠിച്ച സ്ഥാപനത്തിന്റെ പ്രിൻസിപ്പാളിന്റെ ഒപ്പോടുകൂടി സ്ഥാപന മോധാവി വഴിയാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്.**

മുൻകാലങ്ങളിൽ വിദ്യാർത്ഥികൾ സമർപ്പിച്ചിരുന്ന പല അപേക്ഷകളിലും SSLC/CBSC/ICSC സർട്ടിഫിക്കറ്റ് പ്രകാരമുള്ള സ്വന്തം പേര്, ബാച്ച്, പഠിക്കുന്ന/പഠിച്ച വർഷം, അപേക്ഷിക്കുന്ന വിഷയങ്ങൾ മുതലായ വിവരങ്ങളിൽ കൃത്യത ഇല്ലാതെയും തെറ്റായും രേഖപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നു. ആയതിനാൽ സ്ഥാപനമേധാവി ടി വിവരങ്ങൾ കൃത്യമായി പരിശോധിച്ച് അപേക്ഷകൾ സാക്ഷ്യപ്പെടുത്തിയ ശേഷം മാത്രം അയക്കേണ്ടതാണ്.

**ഇത് കൂടാതെ, ഈ സ്ഥാപനത്തിൽ നിന്നും നൽകുന്ന ഗൂഗിൾ ഷീറ്റിൽ വിദ്യാർത്ഥികളുടെ വിവരങ്ങൾ SSLC/CBSC/ICSC സർട്ടിഫിക്കറ്റ് പ്രകാരവും, പരീക്ഷയ്ക്ക് ഫീസ് അടച്ചതിന്റെ വിശദാംശങ്ങൾ ബാങ്കിൽ നിന്ന് ലഭിക്കുന്ന കൗണ്ടർഫോയിൽ പ്രകാരവും കൃത്യമായും പൂർണ്ണമായും പൂരിപ്പിക്കേണ്ടതും ടി ഗൂഗിൾ ഷീറ്റിന്റെ ഒരു ഹാർഡ് കോപ്പി സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി പരീക്ഷാർത്ഥികളുടെ അപേക്ഷയോടൊപ്പം 2025 മാർച്ച് 1-നകം തിരുവനന്തപുരം ഗവ. പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സെന്ററിൽ ലഭ്യമാക്കേണ്ടതുമാണ്. വിദ്യാർത്ഥികൾ അപേക്ഷയിൽ നൽകുന്ന വിവരങ്ങളും അനുബന്ധ ഗൂഗിൾ ഷീറ്റിൽ നൽകുന്ന വിവരങ്ങളും ഒന്ന് തന്നെയാണെന്ന് ഉറപ്പുവരുത്താനും മേൽ പ്രതിപാദിച്ചിരിക്കുന്ന എല്ലാ നിബന്ധനകളും കൃത്യമായി പാലിക്കുവാനും സ്ഥാപന മേധാവികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.** പരീക്ഷയ്ക്കുള്ള അപേക്ഷ ഫോം എന്നിവ ഈ സർക്കുലറിനോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

ടി പരീക്ഷയുടെ വിശദമായ ടൈം ടേബിൾ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

കോഴ്സിന്റെ ബോർഡ് ഓഫ് എക്സാമിനേഷൻസ് ചെയർമാനായ ബഹു. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അധ്യക്ഷതയിൽ 15/11/2021 ൽ കൂടിയ യോഗതീരുമാന പ്രകാരം ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ്, കോഴ്സ് കാലാവധിക്ക് ശേഷം അഞ്ചു വർഷത്തിനുള്ളിൽ 4 അവസരങ്ങൾ ഉപയോഗപ്പെടുത്തി പൂർത്തിയാക്കാവുന്നതാണ്. ഇത്

പ്രകാരം **2018-20** മുതൽ തുടർന്നുള്ള ബാച്ച് വിദ്യാർത്ഥികൾക്ക് ഇത്തവണ റീ-അപ്പിയറൻസ് പരീക്ഷക്ക് അപേക്ഷിക്കാൻ യോഗ്യതയുണ്ടായിരിക്കും. **2018-20** ന് മുൻപുള്ള ബാച്ച് വിദ്യാർത്ഥികളുടെ റീ-അപ്പിയറൻസ് അപേക്ഷകൾ പരിഗണിക്കില്ല. കൂടാതെ റഗുലർ വിദ്യാർത്ഥികൾ ഓരോ വർഷവും 45 ദിവസം വീതമുള്ള നിർബന്ധിത ഫീൽഡ് ട്രെയിനിംഗ് പൂർത്തീകരിക്കേണ്ടതും ടി വിവരം പരീക്ഷയുടെ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതുമാണ്.

17/2/2025

സ്റ്റേറ്റ് നോഡൽ ഓഫീസർ

ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ്

17/2/25